പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനായുള്ള മാർഗരേഖ

(Guideline to Prepare Local Heat Action Plan)

പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനായുള്ള മാർഗരേഖ (GUIDELINE TO PREPARE LOCAL HEAT ACTION PLAN)

കാലാവസ്ഥ വ്യതിയാനത്തിൻറെ ഭാഗമായി ആഗോളതലത്തിൽ തന്നെ ചൂട് വർധിക്കുകയും അതിതീവ്ര ദിനാവസ്ഥ അനുഭവങ്ങൾ തുടർക്കഥയാവുകയും ചെയ്യുകയാണ്. ഇന്ത്യയിലെയും കേരളത്തിലേയും രൂക്ഷമായ വേനൽക്കാലങ്ങളും താപനിലകളുടെ സർവകാല റെക്കോർഡുകൾ ഭേദിക്കുന്ന സാഹചര്യം ഇതിനോടകം തന്നെ സംജാതമായിരിക്കുന്നു. സമീപ ഭാവിയിൽ ചൂട് ഇനിയും വർധിക്കാൻ തന്നെയാണ് സാധ്യത എന്ന് കാലാവസ്ഥ ശാസ്ത്രജ്ഞരെല്ലാം ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുകയും വിവിധ കാലാവസ്ഥ വ്യതിയാന പ്രൊജക്ഷനുകളിൽ കേരളത്തിലെ താപനില വർദ്ധനവ് പ്രവചിക്കപ്പെടുകയും ചെയ്ത സാഹചര്യമാണുള്ളത്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഉഷ്ണതരംഗത്തെയും അതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളേയും സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയും ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന തലത്തിൽ ഒരു ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തത്.

2020 മുതൽ 2024 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാൻ അനുഭവങ്ങളുടെയും പുതിയ അറിവുകളുടെയും സഹായത്തോടെ പുതുക്കി പ്രസിദ്ധീകരിക്കുകയാണ്. കേരളത്തിൻറെ ഏറ്റവും വലിയ ശക്തിയായ അധികാര വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവും ഹീറ്റ് ആക്ഷൻ പ്ലാനിന്റെ നടപ്പിലാക്കലിനും അത്യന്താപേക്ഷിതമാണ്. വികസന പ്രവർത്തനങ്ങളുടെ സിംഹഭാഗവും നടപ്പിലാക്കുന്ന തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടലുകളിൽ ചൂട് അതിജീവിക്കേണ്ടതിൻറെ പരിപ്രേക്ഷ്യം ഉൾച്ചേർത്ത് കൊണ്ട് മാത്രമേ ദുരന്ത ലഘൂകരണം സാധ്യമാവുകയുള്ളൂ. ഇന്ത്യയിൽ ആദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കിയത് കേരളത്തിലാണ്. ദുരന്ത നിവാരണ പ്ലാനിന്റെ അനുബന്ധമായി തന്നെ പ്രവർത്തിക്കേണ്ട ഒരു സുപ്രധാന രേഖയാണ് പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തന്നെ ഇത്തരം പ്രാദേശിക പ്ലാനുകൾ തയ്യാറാക്കാനുള്ള മാർഗരേഖ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. ജനകീയ പങ്കാളിത്തത്തോടെ മാർഗ്ഗരേഖക്ക് അനുസൃതമായി കേരളത്തിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങൾക്കും 2025 ൽ തന്നെ ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുക എന്നതാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലക്ഷ്യം വെക്കുന്നത്. ഇതിനായി ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വിവരങ്ങളും ദുരന്ത നിവാരണ അതോറിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കും. തദ്ദേശ ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കിയ മാതൃകയിലായിരിക്കും പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകളും തയ്യാറാക്കുന്നത്.

പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിന്റെ രൂപം

01 ആമുഖം & പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിന്റെ ആവശ്യകത

02 പ്രാദേശിക ദുർബലത (Local Risk/Vulnerability Assessment)

03 മുന്നറിയിപ്പ് സംവിധാനം

04 മേൽനോട്ട സമിതിയും നോഡൽ ഓഫീസറും

05 വിവിധ വകുപ്പുകളുടെ ചുമതലകൾ

06 വിഭവങ്ങളും പ്രതികരണ പ്ലാനും

07 ഉഷ്ണകാല ആരോഗ്യപ്രശ്നങ്ങളുടെ നിരീക്ഷണം

08 ഹ്രസ്വകാല & ദീർഘകാല പദ്ധതികൾ

09 ധനവിനിയോഗം

10 ഉപസംഹാരം

ആമുഖം & പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിന്റെ ആവശ്യകത

തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചുള്ള പൊതുവിവരങ്ങളുടെ സംക്ഷിപ്തമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത നിവാരണ പദ്ധതിയുടെ (LSGDM plan) ഭാഗമായി പ്രവർത്തിക്കേണ്ട ഒരു പദ്ധതിയാണ് ഹീറ്റ് ആക്ഷൻ പ്ലാൻ എന്നത് കൊണ്ട് തന്നെ ദുരന്ത നിവാരണ പ്ലാനിൽ പ്രതിപാദിച്ചിരിക്കുന്ന പ്രദേശത്തെ സംബന്ധിച്ചുള്ള സമഗ്രമായ വിവരങ്ങൾ ഇവിടെ ആവർത്തിക്കേണ്ടതില്ല. എന്നിരുന്നാലും പ്രാദേശികമായ 'ചൂട് അനുഭവം'/'ചൂട് എന്ന പ്രശ്നം' ആമുഖമായി തന്നെ സൂചിപ്പിക്കാവുന്നതാണ്. മാറി വരുന്ന കാലാവസ്ഥ സാഹചര്യങ്ങളുടെ കൂടി പശ്ചാത്തലത്തിൽ ഇത്തരമൊരു പ്രാദേശിക ആസൂത്രണ രേഖയുടെ ആവശ്യകത കൂടി വ്യക്തമാക്കുന്ന തരത്തിൽ അദ്ധ്യായം പൂർത്തീകരിക്കാനാവണം. ഇതിനാവശ്യമായ വിശദ വിവരങ്ങൾ സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാൻ, തദ്ദേശ ദുരന്ത നിവാരണ പ്ലാൻ, തദ്ദേശ വികസന രേഖ എന്നിവയിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

(പ്രാദേശിക ദുർബലത Local Risk/Vulnerability Assessment)

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശികമായ ഹീറ്റ് റിസ്ക് അഥവാ ചൂട് വർദ്ധിക്കുന്നത് ഉണ്ടാക്കാനിടയുള്ള ആഘാതങ്ങളെ കണ്ടെത്തി രേഖപ്പെടുത്തുക എന്നതാണ് ഇവിടെ ആവശ്യം. പ്രാദേശികമായ താപനില വിവരങ്ങൾ ലഭ്യമാണെങ്കിൽ അത് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി കേന്ദ്ര കാലാവസ്ഥ വകുപ്പ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവയുടെ കൈവശമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. തദ്ദേശ സ്ഥാപനത്തിൻറെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും അസാധാരണമായ താപനില വർദ്ധനവ് ഉണ്ടാക്കുന്ന പ്രശ്നങ്ങളും ഇവിടെ ഉൾക്കൊള്ളിക്കാൻ സാധിക്കണം. ഉദാഹരണമായി തീരപ്രദേശമാണെങ്കിൽ അന്തരീക്ഷ ആർദ്രത കൂടുതലാവുന്നത് മൂലമുള്ള അനുഭവഭേദ്യമാകുന്ന ചൂടിൻറെ ആഘാതം, മലയോര മേഖലകളിൽ പാറകളിൽ നിന്നുള്ള പ്രതിഫലനം കൂടി അനുഭവിക്കേണ്ടി വരുന്നത്, വനത്തിന്റെ സാമീപ്യം, ജലാശലയങ്ങൾ തുടങ്ങി പ്രാദേശിക ഭൂപ്രകൃതിയും വർദ്ധിക്കുന്ന ചൂടും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള ഗൗരവമായ ആലോചനകൾ നടക്കേണ്ട അധ്യായമാണിത്. അതോടൊപ്പം തന്നെ പ്രദേശത്തിൻറെ നഗരസ്വഭാവവും അതുവഴി ചൂടിനെ കൂടുതലായി ആഗിരണം ചെയ്യാൻ കഴിയുന്ന കോൺക്രീറ്റ് കെട്ടിടങ്ങളുടെ ആധിക്യം പോലെയുള്ള കാര്യങ്ങളും പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടതുണ്ട്. കെട്ടിടങ്ങളുടെ സാന്ദ്രത, മേൽക്കൂരകളുടെ സ്വഭാവം, പൊതുവിടങ്ങളിലെ തണൽ ലഭ്യത തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി വിലയിരുത്തി മാപ്പ് ചെയ്യാൻ ശ്രമിക്കണം.

പ്രാദേശിക ഭൂപ്രകൃതിയനുസരിച്ച് ഉഷ്ണകാലത്ത് വ്യത്യസ്തമായ ദുരന്ത സാദ്ധ്യതകളും ഉണ്ടായേക്കാം. പ്രധാന വേനൽക്കാല ദുരന്ത സാദ്ധ്യതകളായ ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ള ക്ഷാമം, വരൾച്ച, തീപിടുത്തങ്ങൾ, കാട്ടുതീ, വന്യജീവി ആക്രമണങ്ങൾ വർധിക്കൽ, പൊതുപരിപാടികളിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ തുടങ്ങിയ പലതരം ദുരന്ത സാധ്യതകളുണ്ട്. ഇവയിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഏതൊക്കെ ദുരന്ത സാധ്യതകളാണ് കൂടുതലെന്ന് കണ്ടെത്തുകയും അവ മാപ്പ് ചെയ്യുകയും ചെയ്യേണ്ടതുണ്ട്.

ചൂട് എല്ലാ വിഭാഗം ജനങ്ങളേയും ഒരുപോലെ ആയിരിക്കില്ല ബാധിക്കുന്നത്. അതുകൊണ്ട് തന്നെ ചൂട് കൂടുതൽ ബാധിക്കാനിടയുള്ള വിഭാഗങ്ങളെ പ്രത്യേകമായി കണ്ടെത്തുകയും അവരുടെ ദുർബലത (Vulnerability) കുറക്കാൻ സവിശേഷമായ ഇടപെടലുകൾ നടത്തേണ്ടതുമുണ്ട്. ആയതിനാൽ സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിൽ വൾനറബിൾ ഗ്രൂപ്പുകളായി കണ്ടെത്തിയ വിഭാഗങ്ങളിൽ നമ്മുടെ പ്രദേശത്തുള്ള വിഭാഗങ്ങളുടെ വിവരശേഖരണവും മാപ്പിങ്ങുമാണ് ഇവിടെ നടത്തേണ്ടത്. ഇത്തരം വിഭാഗങ്ങളെ കണ്ടെത്തി അവർക്ക് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിക്കുക വഴിയാണ് ചൂടിനെ അതിജീവിക്കുന്ന ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുക.

മുന്നറിയിപ്പ് സംവിധാനം

കാലാവസ്ഥ വകുപ്പ്, സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ എന്നിവ പുറപ്പെടുവിക്കുന്ന താപനില പ്രവചനങ്ങൾ കൃത്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഭരണ-ഉദ്യോഗസ്ഥ നേതൃത്വം ഉൾപ്പെടെ വിവിധ വിഭാഗം ജനങ്ങളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കണം. അതിനായി പ്രാദേശികമായി ഒരു സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്. സാധാരണ നിലയിൽ ജില്ലാടിസ്ഥാനത്തിലുള്ള കാലാവസ്ഥ പ്രവചനങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും മാധ്യമങ്ങൾ, ഔദ്യോഗിക വെബ്സൈറ്റ്, സാമൂഹിക മാധ്യമങ്ങൾ, എന്നിവ വഴിയും പുറപ്പെടുവിക്കാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഇത് കൃത്യമായി പിന്തുടരാനുള്ള സംവിധാനമൊരുക്കുകയും ലഭ്യമാകുന്ന ഔദ്യോഗിക മുന്നറിയിപ്പ് സന്ദേശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കപ്പെടുകയും വേണം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുതുതായി സ്ഥാപിച്ച 'കവചം' ദുരന്ത സാധ്യത മുന്നറിയിപ്പ് സംവിധാനം വഴി ഗുരുതരമായ മുന്നറിയിപ്പ് നിലനിൽക്കുന്ന ഘട്ടത്തിൽ (ഓറഞ്ച്, റെഡ് അലെർട്ടുകൾ) തദ്ദേശ സ്ഥാപനതലത്തിലുള്ള മുന്നറിയിപ്പ് ബന്ധപ്പെട്ടവരിലേക്ക് അതാത് സമയങ്ങളിൽ എത്തിക്കുന്നതാണ്. അവ ബന്ധപ്പെട്ട വകുപ്പുകൾ/ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, പൊതുജനങ്ങൾ, സവിശേഷമായി വൾനറബിൾ ഗ്രൂപ്പുകൾ എന്നിവരിലേക്ക് സമയനഷ്ടം കൂടാതെ എത്തിക്കാൻ ഒരു സംവിധാനം തയ്യാറാകുകയും അവ എന്താണെന്ന് ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തുകയും വേണം. മഴ, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ മറ്റ് ദുരന്ത സാധ്യത പ്രവചനങ്ങളും പ്രചരിപ്പിക്കാൻ പ്രസ്തുത സംവിധാനം ഉപയോഗിക്കാമെന്നുള്ളത് കൊണ്ട് തന്നെ പൊതുവായ ദുരന്ത മുന്നറിയിപ്പ് സംവിധാനമാക്കി അതിനെ വികസിപ്പിക്കാൻ ശ്രമിക്കണം. അനൗൺസ്മെന്റ് സൗകര്യങ്ങൾ, വാട്സാപ്പ് ഗ്രൂപ്പുകൾ, സൈറണുകൾ, പൊതുസ്ഥാപനങ്ങളിലേയും മത-സാംസ്കാരിക-രാഷ്ട്രീയ കൂട്ടായ്മ/സ്ഥാപനങ്ങളുടെ ഉച്ചഭാഷിണികൾ, നോട്ടീസ് ബോർഡുകൾ, പള്ളിമണികൾ പോലെയുള്ളവ എങ്ങനെ ഔദ്യോഗിക മുന്നറിയിപ്പുകൾ പ്രചരിപ്പിക്കുന്നതിന് പ്രാദേശികമായി ഉപയോഗിക്കാമെന്ന് (ദുരുപയോഗ സാദ്ധ്യതകൾ ഇല്ലാതെ) ആലോചിക്കുകയും ആസൂത്രണം ചെയ്യുകയും ചെയ്യേണ്ടത് ഇവിടെയാണ്.

പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിന്റെ നടപ്പിലാക്കലിന് വേണ്ടിയുള്ള നോഡൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ഉപസമിതിയിൽ ഒരു അംഗത്തിന് മുന്നറിയിപ്പിന്റെ ചുമതല നിശ്ചയിക്കണം. പ്രസ്തുത അംഗം ഔദ്യോഗിക സോഴ്സുകളെ കൃത്യമായി പിന്തുടരുകയും മുന്നറിയിപ്പുകൾ ഉപസമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വരികയും ചെയ്യണം. ഇതിനായി പ്രസ്തുത വ്യക്തിക്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രത്യേക പരിശീലനം ലഭ്യമാക്കുന്നതാണ്. മുന്നറിയിപ്പ് സംവിധാനങ്ങളിലൂടെ മുന്നറിയിപ്പിന്റെ പ്രചാരണത്തിന്റെ ചുമതലയും പ്രസ്തുത വ്യക്തിക്കായിരിക്കും. ജില്ലാ ഹസാഡ് അനലിസ്റ്റ്, ഡിഎം പ്ലാൻ കോർഡിനേറ്റർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (KSDMA) കാലാവസ്ഥ വിഭാഗം എന്നിവരുമായി ചേർന്നാണ് ഇവർ പ്രവർത്തിക്കേണ്ടത്.

ഓരോ മുന്നറിയിപ്പുകളും എങ്ങനെ മനസ്സിലാക്കാൻ സാധിക്കും എന്ന വിശദീകരണവും ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തണം. വിവിധ നിറങ്ങളിൽ (യെല്ലോ, ഓറഞ്ച്, റെഡ്) പുറപ്പെടുവിക്കുന്ന അലെർട്ട്കൾ സൂചിപ്പിക്കുന്നത് എന്താണെന്നും പ്രദേശത്ത് ഓരോ അലേർട്ടും പ്രഖ്യാപിച്ചാൽ എന്ത് തരം നടപടികൾ/ മുൻകരുതലുകളാണ് സ്വീകരിക്കേണ്ടത് എന്ന വിവരങ്ങളും ഇവിടെ വിശദീകരിക്കണം. പ്രസ്തുത വിവരം സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിൽ നിന്ന് പകർത്താവുന്നതാണ്.

തത്സമയ കാലാവസ്ഥ വിവരങ്ങൾ പ്രദേശത്തു ലഭ്യമാണോ എന്ന കാര്യം വ്യക്തമാക്കണം. ഏറ്റവും അടുത്തുള്ള ഓട്ടോമാറ്റിക് കാലാവസ്ഥ മാപിനിയിലെ (AWS) തത്സമയ വിവരങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെ ലഭ്യമാക്കണം. അങ്ങനെ ലഭ്യമാകുന്ന വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിലെ പൊതു ഡിസ്‌പ്ലേ ബോർഡുകളിൽ തത്സമയം പ്രദർശിപ്പിക്കാൻ സാധിക്കും. AWS കൾ, ഡിസ്‌പ്ലേ ബോർഡുകൾ തുടങ്ങിയവ ഒന്നും ലഭ്യമല്ലാത്ത ഇടങ്ങളിൽ ഭാവിയിൽ അത് സ്ഥാപിച്ചു കൊണ്ട് തത്സമയ വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. ഇത്തരത്തിൽ തത്സമയ വിവരങ്ങൾ ലഭ്യമാകുമ്പോൾ അപകടനില മുൻകൂട്ടി (ഇവിടെ പ്രാദേശികമായ താപനില ത്രെഷോൾഡ് /Threshold) നിശ്ചയിക്കുകയും അത് അധികരിക്കുമ്പോൾ നേരത്തെ വെച്ചിട്ടുള്ള പ്രചാരണ മാധ്യമങ്ങൾ വഴി ജനങ്ങളിലേക്ക് എത്തിക്കാനും സാധിക്കണം. തദ്ദേശ സ്ഥാപന പരിധിയിൽ പ്രത്യേകിച്ച് വ്യത്യസ്തമായ ഭൂപ്രകൃതിയുള്ള ഇടങ്ങളിൽ കൂടുതൽ താപനില മാപിനികൾ സ്ഥാപിക്കാവുന്നതാണ്.

കാലാവസ്ഥ വിവരങ്ങൾക്ക് പുറമെ, ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഘട്ടത്തിൽ പ്രാദേശികമായി മുന്നറിയിപ്പ് പുറപ്പെടുവിക്കാവുന്നതാണ്. ഇതിനായി പ്രാഥമികാരോഗ്യ കേന്ദ്രത്തിലും കുടുംബാരോഗ്യ കേന്ദ്രത്തിലുമെത്തുന്ന ചൂട് മൂലമുള്ള കേസുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ദൈനംദിനമായി തദ്ദേശസ്ഥാപനത്തിലെ ഹീറ്റ് ആക്ഷൻ പ്ലാൻ നോഡൽ ഓഫിസറെ അറിയിക്കേണ്ടതാണ്. തീപിടുത്ത സാധ്യത, കാട്ടുതീ, പകർച്ചവ്യാധികൾ തുടങ്ങിയ മറ്റ് ദുരന്ത സാധ്യതകളും ഈ സംവിധാനം വഴി പ്രചരിപ്പിക്കാവുന്നതാണ്.

മേൽനോട്ട സമിതിയും നോഡൽ ഓഫീസറും

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഹീറ്റ് ആക്ഷൻ പ്ലാൻ അംഗീകരിക്കുന്നതിനും നടപ്പിലാക്കൽ പുരോഗതി വിലയിരുത്തുന്നതിനുമായി ഒരു മേൽനോട്ട സമിതി രൂപീകരിക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ/അദ്ധ്യക്ഷയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട മേൽനോട്ട സമിതിയുടെ കൺവീനർ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയായിരിക്കും. സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രതിനിധി, പൊതുസമൂഹത്തിൻറെ പ്രതിനിധി (വൾനറബിൾ ഗ്രൂപ്പ്), കുടുംബശ്രീ പ്രതിനിധി, ഹീറ്റ് ആക്ഷൻ പ്ലാൻ നോഡൽ ഓഫീസർ, ഫയർ ആൻഡ് റെസ്ക്യൂ, ജലസേചന, തൊഴിൽ വകുപ്പ് പ്രതിനിധികൾ എന്നിവരടങ്ങുന്ന മേൽനോട്ട സമിതിയിൽ ജില്ലാ ഹസാഡ് അനലിസ്റ്റ് അല്ലെങ്കിൽ LSGDM പ്ലാൻ കോർഡിനേറ്റർമാരെ സാങ്കേതിക വിദഗ്ദരായും ഉൾപ്പെടുത്താവുന്നതാണ്. മേൽനോട്ട സമിതി അംഗങ്ങളുടെ എണ്ണവും ആളുകളേയും പഞ്ചായത്ത് ഭരണ സമിതിയാണ് നിശ്ചയിക്കേണ്ടത്.

ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായും, കാലാനുസൃതമായി അവ പുതുക്കുന്നതിനും, ലോക്കൽ ഹീറ്റ് ആക്ഷൻ പ്ലാൻ മുന്നോട്ട് വെക്കുന്ന പദ്ധതി നിർദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി ഒരു ഉപസമിതിയേയും നോഡൽ ഓഫിസറെയും മേൽനോട്ട സമിതി നിശ്ചയിക്കേണ്ടതാണ്. മെഡിക്കൽ ഓഫിസർ/എഞ്ചിനീയർ/അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിലാരെങ്കിലും ആയിരിക്കണം നോഡൽ ഓഫിസറായി വരേണ്ടത്. മെഡിക്കൽ ഓഫിസർ, എഞ്ചിനിയർ, കൃഷി ഓഫിസർ, കാലാവസ്ഥ വ്യതിയാനത്തിനും ദുരന്ത നിവാരണത്തിനുമായുള്ള വർക്കിങ് ഗ്രൂപ്പിലെ അംഗങ്ങളിൽ നിന്ന് മേൽനോട്ട സമിതി നിർദേശിക്കുന്ന മറ്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെടെ 7 ൽ കൂടാത്ത അംഗങ്ങളുള്ള ഒരു ഉപസമിതിയെയാണ് പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിൻറെ നടപ്പിലാക്കൽ ചുമതല ഏൽപ്പിക്കേണ്ടത്. ഉപസമിതി അംഗങ്ങൾക്ക് കൃത്യമായി ചുമതലകൾ നിർവചിക്കപ്പെടേണ്ടതുണ്ട്. തയ്യാറെടുപ്പ്, ബോധവൽക്കരണ ക്യാമ്പയിൻ, മുന്നറിയിപ്പ്, ദുരന്ത പ്രതികരണം, ഹ്രസ്വകാല പദ്ധതികൾ, ദീർഘകാല പദ്ധതികൾ തുടങ്ങിയ പ്രവർത്തനങ്ങളുടെ ചുമതലകൾ മുൻകൂട്ടി നിശ്ചയിച്ച് അവ മേൽനോട്ട സമിതിയെ അറിയിക്കേണ്ടതും പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽനോട്ട സമിതി

തദ്ദേശസ്വയംഭരണ സ്ഥാപനഅദ്ധ്യക്ഷൻ/അദ്ധ്യക്ഷ

- കൺവീനർ- തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി
- സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ
- ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രതിനിധി
- പൊതുസമൂഹത്തിൻറെ പ്രതിനിധി (വൾനറബിൾ ഗ്രൂപ്പ്)
- കുടുംബശ്രീ പ്രതിനിധി
- ഹീറ്റ് ആക്ഷൻ പ്ലാൻ നോഡൽ ഓഫീസർ
- ഫയർ ആൻഡ് റെസ്ക്യൂ, ജലസേചന തൊഴിൽ വകുപ്പ് പ്രതിനിധികൾ
- ജില്ലാ ഹസാഡ് അനലിസ്റ്റ് അല്ലെങ്കിൽ LSGDM പ്ലാൻ കോർഡിനേറ്റർ

ഉപസമിതിയും നോഡൽ ഓഫീസറും

ഉപസമിതി ചുമതലകൾ

- തയ്യാറെടുപ്പ്
- ബോധവൽക്കരണ
- മുന്നറിയിപ്പ്
- ദുരന്ത പ്രതികരണം
- ഹ്രസ്വകാല പദ്ധതികൾ
- ദീർഘകാല പദ്ധതികൾ

നോഡൽ ഓഫീസർ

- മെഡിക്കൽ ഓഫീസർ
- എഞ്ചിനീയർ
- കൃഷി ഓഫീസർ
- കാലാവസ്ഥ വ്യതിയാന ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പ്
- മേൽനോട്ട സമിതി നിർദ്ദേശിക്കുന്ന അംഗങ്ങൾ



വിവിധ വകുപ്പുകളുടെ ചുമതലകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓരോ വിഭാഗങ്ങളുടേയും ചുമതലകൾ നിർവചിക്കപ്പെടേണ്ടത് ഇവിടെയാണ്. അതുകൂടാതെ മറ്റ് സർക്കാർ വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ, സിവിൽ സൊസൈറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മറ്റ് സംഘടനകൾ, കുടുംബശ്രീ തുടങ്ങിയവയുടെയെല്ലാം ഉത്തരവാദിത്വങ്ങൾ നിർവചിക്കാൻ ഈ അദ്ധ്യായം ഉപയോഗപ്പെടുത്താം. സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിലെ സമാന അദ്ധ്യായത്തെ മാതൃകയായി അവലംബിക്കാവുന്നതാണ്.

വിഭവങ്ങളും പ്രതികരണ പ്ലാനും

തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുള്ള വിഭവങ്ങൾ പട്ടികപ്പെടുത്തേണ്ട അദ്ധ്യായമാണിത്. ആരോഗ്യ മേഖലയിലെ സൗകര്യങ്ങൾ, പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകർ, അഗ്നിശമന ഉപാധികൾ, ദുരിതാശ്വാസ കേന്ദ്രങ്ങൾ, കാർഷിക സഹായ സംവിധാനങ്ങൾ തുടങ്ങി ഉഷ്ണകാല ദുരന്തങ്ങളെ നേരിടാനുള്ള വിവിധങ്ങളായ വിഭവങ്ങൾ നിലവിൽ തദ്ദേശ സ്ഥാപനത്തിൻറെ ഉടമസ്ഥതയിൽ ഉള്ളതും മറ്റ് വകുപ്പുകളുടേയോ സംവിധാനങ്ങളുടെയോ പക്കലുള്ളതും സ്വകാര്യ സ്ഥാപനങ്ങളുടെയോ വ്യക്തികളുടെയോ പക്കലുള്ളതുമായവയുടെ പ്രാഥമിക വിവരശേഖരണം നടത്തി ഇതോടൊപ്പം ഉൾച്ചേർക്കണം. ഭാവി സാഹചര്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ആവശ്യമായ മറ്റ് റിസോഴ്സുകൾ കണ്ടെത്താനും സംഭരിക്കാനുമുള്ള ആസൂത്രണവും ഈ അദ്ധ്യായത്തിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.

പ്രതികരണ പ്ലാൻ

ഒരു ഉഷ്ണതരംഗ മുന്നറിയിപ്പോ അതല്ലെങ്കിൽ മറ്റേതെങ്കിലും ഉഷ്ണകാല ദുരന്ത സാധ്യത മുന്നറിയിപ്പോ പ്രഖ്യാപിക്കപ്പെടുന്നതോടെ പ്രതികരണ ഘട്ടം ആരംഭിക്കുകയായി. താലൂക്ക് തലത്തിൽ വരെയുള്ള ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റത്തിന് സമാനമായി ഇത്തരം ഘട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഓരോരുത്തരുടെയും ഉത്തരവാദിത്വങ്ങൾ മുൻകൂട്ടി നിശ്ചയിക്കാവുന്നതാണ്. ആളുകളെയും വളർത്തു മൃഗങ്ങളെയും മാറ്റി താമസിപ്പിക്കൽ, വീടുകളിൽ നിന്ന് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയിലുള്ളവർക്ക് ആവശ്യമായ ഭക്ഷണം മരുന്ന് മറ്റ് അവശ്യ വസ്തുക്കൾ എന്നിവ എത്തിക്കൽ പോലെയുള്ള പ്രവർത്തനങ്ങൾ ഉഷ്ണതരംഗ ഘട്ടങ്ങളിൽ ആവശ്യമായി വന്നേക്കാം. കാട്ടുതീ, മറ്റ് തീപിടുത്ത സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം നടക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും ഈ അദ്ധ്യായത്തിൽ പരാമർശിക്കാം.

ഉഷ്ണകാല ആരോഗ്യപ്രശ്നങ്ങളുടെ നിരീക്ഷണം

സൂര്യാഘാതം, സൂര്യാതപം, നിർജ്ജലീകരണം മറ്റ് ഉഷ്ണകാല ആരോഗ്യപ്രശ്നങ്ങളുമായി ചികിത്സ തേടുന്നവരുടെ വിവരശേഖരണം നടത്താൻ ഒരു നിർദിഷ്ട ഫോർമാറ്റ് തീരുമാനിച്ച് നൽകുകയും അത് തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ പൊതു-സ്വകാര്യ ആരോഗ്യ സംവിധാനങ്ങളെ കൊണ്ട് കൃത്യമായി ചെയ്യിക്കുന്ന ഒരു സിസ്റ്റം സ്ഥാപിക്കേണ്ടതുണ്ട്. ഇത് സംസ്ഥാനമാകെ ഒരേ രീതിയിൽ പിന്തുടരേണ്ടതും തദ്ദേശസ്ഥാപന തല വിവരങ്ങൾ ക്രോഡീകരിച്ച് എല്ലാ ദിവസവും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി ഗൂഗിൾ ഷീറ്റ് പോലെയുള്ള മാർഗങ്ങൾ അവലംബിക്കാവുന്നതാണ്. ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ വിപുലമായ ബോധവൽക്കരണ ക്യാമ്പയിൻ നടത്തേണ്ടതാണ്. ആരോഗ്യപ്രവർത്തകർക്ക് പ്രത്യേകമായ പരിശീലനം നൽകേണ്ടതാണ്. പരിശീലനത്തിൽ വിവരശേഖരണത്തിനും ഊന്നൽ നൽകണം. രോഗപരിചരണത്തെ ബാധിക്കാത്ത രീതിയിൽ വിവരശേഖരണവും വിവരകൈമാറ്റവും നടത്താൻ ഉതകുന്ന രീതിയിലുള്ള ഒരു പൊതുമാർഗനിർദേശം പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിലൂടെ പുറപ്പെടുവിക്കാൻ സാധിക്കണം. കിടപ്പ് രോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങി പ്രത്യേക ശ്രദ്ധ ആവശ്യമായ വിഭാഗങ്ങളുടെ ആരോഗ്യനില കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്താൻ ഉതകുന്ന ഒരു സംവിധാനവും പ്രാദേശികമായ സാഹചര്യങ്ങൾക്ക് അനുസരിച്ച് രൂപം നൽകേണ്ടതാണ്.

ഹ്രസ്വകാല & ദീർഘകാല പദ്ധതികൾ

ഹ്രസ്വകാല പ്രവർത്തനങ്ങൾ (Short Term Mitigation Strategies)

നടപ്പ് സീസണിലും തൊട്ടടുത്ത സീസണുകളിലും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളാണ് ഹ്രസ്വകാല പദ്ധതികളായി ഉൾപ്പെടുത്തേണ്ടത്. ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ തുടങ്ങിയവർ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങളിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ ഹ്രസ്വകാല പദ്ധതികളുടെ ഭാഗമാക്കേണ്ടവയാണ്. ബോധവൽക്കരണ പ്രവർത്തനങ്ങൾ മുതൽ പ്രതികരണ പ്രവർത്തനങ്ങൾ വരെയുള്ള നിരവധി ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ക്രിയാത്മകമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കും. പ്രാദേശിക സവിശേഷതകൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.

സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾക്ക് പുറമെ തദ്ദേശീയമായ അനുഭവങ്ങൾ, പരമ്പരാഗത അറിവുകൾ എന്നിവയുടെ അടിസ്ഥാനത്തിലും പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. എന്നാൽ മറ്റേതെങ്കിലും തരത്തിൽ ചൂട്, കാർബൺ എമിഷൻ എന്നിവ വർദ്ധിപ്പിക്കുന്നതോ മറ്റേതെങ്കിലും തരത്തിലുള്ള ദുരന്ത സാധ്യതകളിലേക്ക് നയിക്കുന്നതോ ആയ പ്രവർത്തനങ്ങൾ ഉണ്ടാവുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും വേണം.

ഹ്രസ്വകാല പദ്ധതികളായി പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ സാധിക്കുന്ന ചില പ്രവർത്തനങ്ങൾ ഇതോടൊപ്പം നൽകുന്നു. പ്രദേശത്തിൻറെ സ്വഭാവത്തിനും സാധ്യതക്കും അനുയോജ്യമായ പ്രവർത്തനങ്ങൾ LHAP (Local Heat Action Plan) യിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്.

- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ പ്രധാന മാർക്കറ്റുകൾ, കവലകൾ, ബസ് സ്റ്റാൻഡ് തുടങ്ങി ആളുകൾ കൂടുതൽ സമയം ചെലവഴിക്കാൻ സാധ്യതയുള്ള ഇടങ്ങളിൽ തണ്ണീർ പന്തലുകൾ (Cooling Centers) സ്ഥാപിക്കേണ്ടതാണ്. ഇവിടെ ശുദ്ധമായ വെള്ളം, ORS എന്നിവ നിർബന്ധമായും മോര്, സംഭാരം, ജ്യൂസുകൾ, പഴങ്ങൾ തുടങ്ങിയവയിൽ പ്രാദേശികമായ ലഭ്യതക്ക് അനുസരിച്ച് സാധ്യമായവ എന്നിവ ഒരുക്കണം. തണ്ണീർ പന്തലുകളിൽ ആളുകൾക്ക് തണലും വായു സഞ്ചാരവും ഉറപ്പാക്കാൻ സാധിക്കണം. കൂടുതൽ അപകട സാധ്യതയുള്ള ഇടങ്ങളിൽ ശരീരം തണുപ്പിക്കാൻ ശീതീകരിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ ഇതിനായി ഉപയോഗിക്കാവുന്നതാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായ രീതിയിലായിരിക്കണം ഇവ ഒരുക്കേണ്ടത്.

- ഹോട്ടലുടമകൾ, സാമൂഹിക-സാംസ്കാരിക, യുവജന സംഘടനകൾ എന്നിവയുമായെല്ലാം സഹകരിച്ചു കൊണ്ട് യാത്രക്കാർക്ക് ഉൾപ്പെടെ ശുദ്ധമായ കുടിവെള്ള ലഭ്യത വ്യാപകമായി എല്ലായിടത്തും ഉറപ്പാക്കണം.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. ചൂട് മൂലമുള്ള അപകട സാധ്യതകളെക്കുറിച്ചും സുരക്ഷിതമായ രീതികളെക്കുറിച്ചും ആളുകളെ ബോധവൽക്കരിക്കുക. വേനൽ രൂക്ഷമായി തുടങ്ങുമ്പോൾ തന്നെ പ്രത്യേക ഗ്രാമ സഭകളും വാർഡ് കൺവെൻഷനുകളും വിളിച്ചു ചേർത്ത് ആളുകളെ ബോധവൽക്കരിക്കുകയും അവർക്ക് വേണ്ട ORS ഉൾപ്പെടെയുള്ളവ ലഭ്യമായി എന്ന് ഉറപ്പ് വരുത്തുകയും സൂര്യാഘാതം, സൂര്യാതപം സംബന്ധിയായ ബ്രോഷറുകൾ നോട്ടീസുകൾ ലഘുലേഖകൾ തുടങ്ങിയവ വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്.

- പ്രധാന മാർക്കറ്റുകൾ, ട്രാഫിക് സിഗ്നലുകൾ തുടങ്ങിയ ഇടങ്ങളിൽ താൽക്കാലിക മേൽക്കൂരകൾ/പന്തൽ ഒരുക്കുക. ഇതിനായി വ്യാപാരികളുടെയും മറ്റ് സുമനസ്സുകളുടെയും സഹായം സ്വീകരിക്കാവുന്നതാണ്.

- വഴിയോര കച്ചവടക്കാരിലും മറ്റ് വ്യാപാരികളിലും സൂര്യാഘാതത്തെയും ഉഷ്ണകാല ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുക.

- കൂൾ റൂഫുകൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും സ്വീകരിക്കാവുന്ന മാതൃകകൾ ജനങ്ങളെ പരിചയപ്പെടുത്തുന്ന ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

- തദ്ദേശ സ്വയംഭരണ സ്ഥാപന മാർഗനിർദേശാടിസ്ഥാനത്തിൽ ചൂട് കുറക്കുന്ന നിർമ്മാണ മാതൃകകൾ സ്വീകരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രോത്സാഹനം നൽകുക. നികുതി ഇളവ്, അവാർഡുകൾ, മറ്റ് ആനുകൂല്യങ്ങൾ പോലെയുള്ള ഇൻസെന്റീവുകൾ പ്രഖ്യാപിക്കാവുന്നതാണ്.

- ചൂട് കൂടുതലായി ബാധിക്കാനിടയുള്ള ആളുകൾക്കു (ഉദാഹരണത്തിന്, പ്രായമായവർ, കിടപ്പ് രോഗികൾ, പുറം ജോലിയിൽ ഏർപ്പെടുന്നവർ) ചൂട് വേളയിൽ ഫാനുകളോ മറ്റ് ശീതീകരണ മാർഗ്ഗങ്ങളോ സ്ഥാപിക്കാം. ഭവനരഹിതരായവർക്ക് അഭയം പ്രാപിക്കാൻ ആവശ്യമായ സൗകര്യമൊരുക്കാം.

- വൃക്ഷങ്ങളും തണലും ഉള്ള പൊതുസ്ഥലങ്ങൾ, പാർക്കുകൾ തുടങ്ങിയവ വിശ്രമത്തിനായി പൊതുജനങ്ങൾക്ക് രൂക്ഷമായ ചൂട് അനുഭവപ്പെടുന്ന 11 മണി മുതൽ 3 മണി വരെ തുറന്ന് കൊടുക്കേണ്ടതാണ്.

- പൊതുവൃക്ഷങ്ങൾ ഉണങ്ങി പോകുന്നത് ഒഴിവാക്കാൻ വെള്ളമൊഴിക്കാൻ വേണ്ട നടപടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകുക.

- ആശുപത്രികളിൽ heat ക്ലിനിക്കുകളുടെ പ്രവർത്തനം ഉറപ്പുവരുത്തുക.

- അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ വേണ്ട മരുന്നുകളും തയ്യാറെടുപ്പുകളും പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തണം.

- ആശാവർക്കർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടേയും നേതൃത്വത്തിൽ ഒരു സർവെയ്‌ലൻസ് ടീമിനെ ഉണ്ടാക്കുകയും ചൂട് കൂടുതൽ ബാധിക്കാനിടയുള്ള വിഭാഗങ്ങളെ കേന്ദ്രീകരിച്ച് കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാം. വിശേഷിച്ച് കിടപ്പ് രോഗികൾ, മാനസികാരോഗ്യ പ്രശ്നമുള്ളവർ തുടങ്ങിയവരുടെ ശരീരത്തിലെ ഇലക്ട്രോലൈറ്റ് ബാലൻസ് പോലെയുള്ളവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും അവക്കനുസൃതമായി വേണ്ട പരിചരണം നൽകുക തുടങ്ങിയ ഇടപെടലുകൾ ആസൂത്രണം ചെയ്യാനാകും.

- എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സൂര്യാഘാതത്തിനുള്ള പ്രഥമ ശുശ്രൂഷ നല്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക. മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും പ്രത്യേകമായ പരിശീലനവും നൽകണം.

- തീപിടുത്ത സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തി ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കണം. ഉദാഹരണത്തിന് കാട് പിടിച്ചു കിടക്കുന്ന പൊതു-സ്വകാര്യ പറമ്പുകളുണ്ടെങ്കിൽ സ്ഥലമുടമകളെ കൊണ്ടോ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയോ കാട് വെട്ടി തീപിടുത്ത സാധ്യത ഒഴിവാക്കണം.

- ചൂട് മാസങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കാൻ മുൻകൈയെടുക്കുക. അതിൽ ജലത്തിന്റെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുക.

- ജലസംഭരണികൾ ശുചീകരിക്കണം. വേനൽ മഴയിൽ ലഭിക്കുന്ന പരമാവധി ജലം സംരക്ഷിക്കാനുള്ള നടപടികൾ മുൻകൂറായി സ്വീകരിക്കണം. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ ഉൾപ്പെടെ ശുചീകരിച്ച് ജലത്തിൻറെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തി ജലക്ഷാമം രൂക്ഷമായ ഇടങ്ങളിലേക്ക് പരിഹാരമാക്കി മാറ്റാൻ സാധിക്കണം.

- കുളങ്ങൾ തോടുകൾ തുടങ്ങിയവ വൃത്തിയാക്കി സംരക്ഷിക്കുക. മൃഗങ്ങൾക്ക് കൂടി ജല ലഭ്യത ഉറപ്പ് വരുത്തുക.

- CWRDM, മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടർ അതോറിറ്റി, കേരള ഫോറെസ്റ്റ് റീസേർച്ച് ഇൻസ്റ്റിട്യൂട്ട്, ജലവിഭവ വകുപ്പ് തുടങ്ങിയ വകുപ്പുകൾക്കെല്ലാം ജലത്തിൻറെ ഗുണമേന്മ പരിശോധിക്കുവാനുള്ള സംവിധാനങ്ങളുണ്ട്. ഇവ ഉപയോഗപ്പെടുത്തി തങ്ങളുടെ ജലാശയങ്ങളിലെ വെള്ളത്തിൻറെ ഗുണമേന്മ ഉറപ്പ് വരുത്തുക. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ, മലിനീകരിക്കപ്പെട്ട മറ്റ് ജലസ്രോതസ്സുകൾ തുടങ്ങിയവയെല്ലാം ഇവരുടെ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് കൊണ്ട് പരിശോധിക്കുകയും അവ ശുദ്ധീകരിച്ച് ഉപയോഗ യോഗ്യമാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുക.

- വനാതിർത്തി പങ്കിടുന്ന തദ്ദേശ സ്ഥാപനങ്ങൾ വനംവകുപ്പുമായും ജലവിഭവ വകുപ്പുമായും സഹകരിച്ച് കൊണ്ട് വനത്തിനകത്ത് തന്നെ ജലലഭ്യത വിവിധ മാർഗ്ഗങ്ങളിലൂടെ സജ്ജീകരിക്കാൻ ശ്രമിക്കേണ്ടതാണ്.

- ചൂടുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ യഥാസമയം ജനങ്ങളിലേക്ക് എത്തിക്കാനും അതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ മുൻകൂട്ടി ചെയ്യാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

- മൽസ്യതൊഴിലാളികൾക്കായി താൽക്കാലിക വിശ്രമ കേന്ദ്രങ്ങൾ ഒരുക്കണം. ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് അവർക്കിടയിൽ ബോധവൽക്കരണം നടത്തണം.

- ഓട്ടോ-ടാക്സി ഡ്രൈവർമാർക്ക് അവരുടെ സ്റ്റാന്റുകളിൽ വിശ്രമ സൗകര്യങ്ങൾ ഒരുക്കണം. ഓൺലൈൻ ഭക്ഷണ/മറ്റ് സാധന വിതരണക്കാർക്കും വിശ്രമിക്കാനുള്ള താൽക്കാലിക സൗകര്യങ്ങൾ പ്രധാന റോഡുകളുടെ അരികിലായി ഒരുക്കണം.

- തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ സമയം പുനഃക്രമീകരിക്കണം. ഇവരുടെ തൊഴിൽ സ്ഥലങ്ങളിൽ താൽക്കാലിക വിശ്രമ സൗകര്യവും കുടിവെള്ള ലഭ്യതയും, ORS ഉം ഉറപ്പ് വരുത്തേണ്ടതാണ്.

- പൊതു കളിസ്ഥലങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, പച്ചക്കറി-മത്സ്യ-പലചരക്ക മാർക്കറ്റുകൾ തുടങ്ങിയ മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക.

- ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ നിർദേശങ്ങൾ നൽകേണ്ടതും തദ്ദേശീയരായ ആളുകളെ പരിശീലിപ്പിക്കേണ്ടതുമാണ്. മുന്നറിയിപ്പുള്ള ഘട്ടങ്ങളിൽ നേരിട്ട് സൂര്യപ്രകാശവുമായി സമ്പർക്കത്തിലുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.

- പ്രദേശത്തിൻറെ താപനില വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തി വെക്കുന്നതിനായി താപനില മാപിനികളും കാലാവസ്ഥ മാപിനികളും സ്ഥാപിക്കുക.

- പ്രാദേശികമായ സവിശേഷതകളേയും സാഹചര്യങ്ങളെയും ഉൾക്കൊള്ളുന്ന മുന്നറിയിപ്പ് പ്രചാരണ സംവിധാനം സ്ഥാപിക്കുക.

- ഊർജ്ജ സംരക്ഷണ കാമ്പയിനുകൾ സംഘടിപ്പിക്കുക.

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ചൂട് മൂലമുള്ള പ്രശ്നങ്ങളെ നേരിടാനുള്ള പദ്ധതികൾ കൂടി ഉൾപ്പെടുത്തുക.

- നിലവിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാന സർക്കാർ പദ്ധതികൾ, പ്രാദേശിക പ്രൊജക്ടുകൾ ഇവയിലെല്ലാം വർധിക്കുന്ന ചൂടിനെ നേരിടുക എന്നൊരു പരിപ്രേക്ഷ്യം കൂടി ഉൾപെടുത്താൻ ശ്രമിക്കണം.

മേൽ പറഞ്ഞവയെല്ലാം പൊതുനിർദേശങ്ങൾ മാത്രമാണ്. പ്രാദേശിക സവിശേഷതകൾ അനുസരിച്ച് ഇവയിൽ ഉൾപ്പെടാത്ത ഇടപെടലുകളും നടത്താവുന്നതാണ്. നൂതനമായ ആശയങ്ങളും പാരമ്പര്യ അറിവുകളും ശാസ്ത്രീയമായി വിശകലനം ചെയ്തു കൊണ്ട് ഈ അദ്ധ്യായത്തിന്റെ ഭാഗമാക്കാനാവും. പുതിയൊരു ദുരന്ത സാധ്യത അതുമൂലം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കണം എന്ന് മാത്രം.



- ദീർഘകാല പദ്ധതികൾ (Long–Term Mitigation Strategies)

സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിലൂടെ നിർദേശിക്കപ്പെട്ടിരിക്കുന്ന ദീർഘകാല പദ്ധതികൾ പ്രാദേശിക അടിസ്ഥാനത്തിൽ എങ്ങനെയെല്ലാം നടപ്പിലാക്കാൻ സാധിക്കും എന്നത് വ്യക്തമാക്കേണ്ട ഭാഗം കൂടിയാണിത്. അടുത്ത 10 മുതൽ 15 വർഷം കൊണ്ട് വരുത്തേണ്ട സമഗ്രമായ മാറ്റങ്ങൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ വിഭാവനം ചെയ്യാൻ സാധിക്കണം. ഹ്രസ്വകാല പദ്ധതികൾ വഴി താൽക്കാലിക പരിഹാരം കാണാൻ ശ്രമിക്കുന്ന പ്രശ്നങ്ങളുടെ ശാശ്വത പരിഹാരം സാധ്യമാക്കുന്ന രീതിയുള്ള പദ്ധതികൾ ഉൾപ്പെടുത്താവുന്നതാണ്. സമൂഹത്തിൻറെ അതിജീവനശേഷി വർധിപ്പിക്കുന്നതിന് ഉതകുന്ന സുദീർഘമായ ഇടപെടലുകൾ ആലോചിക്കേണ്ടതാണ്. പ്രാദേശികമായ മാതൃകകൾ സൃഷ്ടിക്കാനുള്ള ശ്രമവും ഉണ്ടാവേണ്ടതാണ്. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന ചില ദീർഘകാല പദ്ധതികൾ നിർദേശിക്കുന്നു.

- നഗര താപ ദ്വീപ് (urban heat island) പ്രഭാവം കുറയ്ക്കുന്നതിനും പ്രാദേശിക തണുപ്പിക്കൽ മെച്ചപ്പെടുത്തുന്നതിനും ഹരിത ഇടങ്ങൾ (ഉദാ. പാർക്കുകൾ, മരത്തണലുകൾ) ദീർഘ കാല അടിസ്ഥാനത്തിൽ വികസിപ്പിക്കുക. നഗര ആസൂത്രണ രേഖകൾ തയ്യാറാക്കുമ്പോൾ കാലാവസ്ഥ മാറ്റങ്ങളെ മുൻനിർത്തി (risk informed planning) തയ്യാറാകണം.

- പുതിയ കെട്ടിടങ്ങളിലും നവീകരണങ്ങളിലും (ഉദാഹരണത്തിന്, പച്ച മേൽക്കൂരകൾ, പ്രതിഫലിപ്പിക്കുന്ന വസ്തുക്കൾ) നിഷ്ക്രിയ കൂളിംഗ് ഡിസൈനുകളും ഊർജ്ജ-കാര്യക്ഷമമായ മാനദണ്ഡങ്ങളും സമന്വയിപ്പിക്കുക. തദ്ദേശ സ്ഥാപങ്ങളുടെ നേതൃത്തിൽ ഇത്തരം കെട്ടിട നിർമാണ പ്രക്രിയകൾ അതാത് പ്രദേശങ്ങളിലെ തൊഴിലാളികൾക്കും കോൺട്രാക്ടർമാകും ശില്പശാലകൾ നടത്താവുന്നതാണ്.

- ചൂട് രൂക്ഷമാകുന്ന വരൾച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് കാര്യക്ഷമമായ ജല ഉപയോഗത്തിനുള്ള നയങ്ങൾ പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്തു രൂപീകരിക്കുക.

- ഊർജ്ജ-കാര്യക്ഷമമായ കൂളിംഗ് സിസ്റ്റങ്ങളുടെ (സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന എയർ കണ്ടീഷനിംഗ്, നിഷ്ക്രിയ കൂളിംഗ് ടെക്നിക്കുകൾ) ഉപയോഗം പ്രോത്സാഹിപ്പിക്കുക. ഇതിന്റെ ഭാഗമായി തദ്ദേശ സ്ഥാപങ്ങളുടെ കെട്ടിടങ്ങളിൽ ഇത്തരം സിസ്റ്റംസ് സ്ഥാപിക്കുക അതിന്റെ ഗുണഫലങ്ങൾ പരിചപ്പെടുത്തുകയുമാകാം.

- നഗരത്തിലെ ചൂട് കുറയ്ക്കാൻ പൊതുസ്ഥലങ്ങളിൽ ചൂട് പ്രതിഫലിപ്പിക്കുന്ന പ്രതലങ്ങൾ (heat reflective surface) പൊതുയിടങ്ങളിൽ നിരത്തുകളിൽ മാറ്റി നിർമിക്കാം, പെട്ടന്ന് വളരുന്ന സസ്യങ്ങൾ വെച്ചുപിടിപ്പക്കാം കൂടാതെ മട്ടുപ്പാവിലെ കൃഷിയുടെ പ്രോത്സാഹനം വഴി കെട്ടിടങ്ങളുടെ ഉള്ളിലേക്കു ചൂട് കടക്കുന്നത് കുറക്കാൻ സാധിക്കും. എന്നാൽ അവ കൊതുകുകളേയും മറ്റ് പ്രാണികളേയും ആകർഷിക്കാത്ത തരം ചെടികൾ ശ്രദ്ധിക്കണം. അതിനായി വിദഗ്ധരെ ഉൾപ്പെടുത്തി ആലോചനകളും പഠനങ്ങളും നടത്തി നമ്മുടെ പ്രദേശത്തിന് സ്വീകാര്യമായ മാതൃക വികസിപ്പിച്ചെടുക്കാനാവണം.

\

- ദീർഘകാല അടിസ്ഥാനത്തിൽ പൊതുയിടങ്ങളിലും വഴിയോരങ്ങളിലും തണൽ മരങ്ങൾ നട്ട് പിടിപ്പിക്കാനും നിലവിലുള്ളവയെ കോതിയൊതുക്കി സംരക്ഷിക്കാനുമുള്ള നടപടികൾ പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്. മരങ്ങൾ നടുമ്പോൾ തദ്ദേശീയമായ മരങ്ങൾ നട്ട് പിടിപ്പിക്കാൻ ശ്രമിക്കുക.

- തദ്ദേശീയമായ വൃക്ഷതൈകൾ വീട്ടുവളപ്പിൽ നട്ടുപിടിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇവ വീടിനും അയൽവാസികൾക്കും പൊതുവഴികൾക്കും അപകടം ഉണ്ടാക്കാത്ത രീതിയിൽ പരിപാലിക്കാൻ ആവശ്യമായ നിർദേശങ്ങളും നൽകണം.

- പ്രധാന റോഡുകളുടെ അരികുകളിൽ വെയിൽ രൂക്ഷമാകുന്ന ഉച്ച നേരം റോഡിലേക്ക് തണൽ എത്തുന്ന ദിശയിൽ ക്രമീകരിച്ച് കൊണ്ട് തണൽ വൃക്ഷങ്ങൾ നടാൻ ശ്രദ്ധിക്കണം. തണൽ ലക്ഷ്യമാക്കി നടത്തുന്ന ഇടപെടലുകളിൽ എല്ലാം പൊതുവെയുള്ള കാറ്റിന്റെ ദിശയും നിഴലും തണലും ലഭ്യമാകുന്ന ദിശയുമെല്ലാം കണക്കാക്കി വേണം ഇടപെടലുകൾ നടത്താൻ.

- ചൂട് പ്രതിരോധിക്കാൻ ശേഷിയുള്ളതും നഗരങ്ങളിൽ ചൂട് വർധിപ്പിക്കാത്തതുമായ കെട്ടിട നിർമാണ രീതികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. മുറ്റം കോൺക്രീറ്റ്/ഇന്റർലോക്ക് ചെയ്യുന്നത് പോലെയുള്ള പ്രവണതകളെ നിരുത്സാഹപ്പെടുത്താവുന്നതാണ്.

- കുടിവെള്ള ക്ഷാമം, കാർഷികാവശ്യത്തിനുള്ള വെള്ളത്തിൻറെ ക്ഷാമം എന്നിവക്കുള്ള ശാശ്വത പരിഹാരം ഏറ്റവും മുൻഗണനയായി കണ്ടുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യണം.

- ക്രമാതീതമായ ചൂട് വർദ്ധനവുമായി ബന്ധപ്പെട്ട് മൃഗപരിപാലന– കാർഷിക മേഖലകളിൽ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ മനസ്സിലാക്കി കർഷകരെ ശാക്തീകരിക്കണം. പരിഹാരങ്ങളും ബദൽ മാർഗങ്ങളും കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

- പ്രദേശത്തെ മുഴുവൻ ആളുകളെയും ചൂട് മൂലമുള്ള പ്രശ്നങ്ങളെ കുറിച്ച് ബോധവാന്മാർ ആക്കുകയും സമൂഹത്തെയാകെ ചൂടിനെ അതിജീവിക്കുന്നവരാക്കി (heat resilient) മാറ്റുകയും വേണം.

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന രേഖകൾ, മാസ്റ്റർ പ്ലാൻ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ചൂടിനെ അതിജീവിക്കേണ്ടതിന്റെ ആവശ്യകതയും പൊതുവിൽ ചൂട് കൂടുകയാണ് എന്ന പരിപ്രേക്ഷ്യവും ഉൾപ്പെടുത്തണം.

ഇവ കൂടാതെ സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിൽ മുന്നോട്ട് വെക്കുന്ന മറ്റ് ദീർഘകാല പദ്ധതികൾ, നൂതനമായ മറ്റ് ആശയങ്ങൾ എന്നിവയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ധനവിനിയോഗം

പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിൻറെ നടപ്പിലാക്കലിനായുള്ള സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തി പട്ടികപ്പെടുത്തേണ്ടതുണ്ട്. ഹീറ്റ് ആക്ഷൻ പ്ലാൻ വഴി മുന്നോട്ട് വെക്കുന്ന പദ്ധതികൾക്ക് ആവശ്യമായ പണം പല ഫണ്ടുകളിൽ നിന്നായി കണ്ടെത്താവുന്നതാണ്. ഔദ്യോഗിക ദുരന്തങ്ങളുടെ പട്ടികയിലുള്ള കാട്ടുതീ, വരൾച്ച, സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യാതാപം, വന്യജീവി ആക്രമണം എന്നിവയിലെല്ലാം ജീവൻ നഷ്ടപ്പെടുന്നവർ, ആശുപത്രി വാസം വേണ്ടി വരുന്നവർ, പരിക്കേൽക്കുന്നവർ, കൃഷി നാശം, കന്നുകാലികൾ നഷ്ടമാകുന്നവർ തുടങ്ങി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾക്ക് അർഹതയുണ്ടായിരിക്കും. ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) ആണ് മുഖ്യധനസ്രോതസ്സായി ഉപയോഗിക്കാൻ സാധിക്കുക. ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതിരോധ നിധി (State Disaster Mitigation Fund – SDMF) ലഭ്യമാണ്. ഇവ നിർദിഷ്ട ഫോർമാറ്റിൽ പദ്ധതികൾ സമർപ്പിച്ച് നേടിയെടുക്കാവുന്നതാണ്. ഇതുകൂടാതെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാന പദ്ധതികൾ തുടങ്ങിയവയിലെല്ലാം നേരിട്ടോ അല്ലാതെയോ ചൂടിനെ അതിജീവിക്കാൻ സമൂഹത്തെ പര്യാപ്തമാക്കുന്ന തരത്തിലുള്ള ആശയങ്ങളാക്കി മാറ്റാവുന്ന പദ്ധതികൾ കണ്ടെത്താനാവും. കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, കൃഷി, മൃഗസംരക്ഷണ പദ്ധതികൾ തുടങ്ങിയവയിലെല്ലാം ചൂട് കൂടി വരുന്ന സാഹചര്യത്തെ കൂടി മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികൾക്കു രൂപം നല്കാനാവും. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പ്ലാൻ ഫണ്ടിൽ ദുരന്ത നിവാരണം, കാലാവസ്ഥ വ്യതിയാനം എന്നിവക്കായുള്ള ഫണ്ട്, തനത് ഫണ്ട്, ഫ്ലെക്സി ഫണ്ട്, കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR) തുടങ്ങിയവയെല്ലാം ഹീറ്റ് ആക്ഷൻ പ്ലാനിന്റെ നടപ്പിലാക്കലിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്. പദ്ധതികൾ തയ്യാറാക്കുമ്പോൾ അവക്കാവശ്യമായ സാമ്പത്തികം മേൽ ഫണ്ടുകളിൽ നിന്ന് കൃത്യമായി മാർക്ക് ചെയ്യാൻ സാധിക്കണം. ഇവയെല്ലാം ഉൾപ്പെടുത്തി കൊണ്ടാവണം ഈ അദ്ധ്യായം തയ്യാറാക്കേണ്ടത്.

ഉപസംഹാരം

മറ്റ് പ്രകൃതി ദുരന്തങ്ങളെ അപേക്ഷിച്ച് മലയാളികൾക്ക് അത്രക്ക് പരിചിതമല്ലാത്തതും എന്നാൽ ദൂരവ്യാപകമായ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ ദുരന്ത സാധ്യതകളാണ് ചൂട് വർധിക്കുന്നത് മൂലമുണ്ടാകുമെന്ന് പ്രവചിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ ദീർഘവീക്ഷണത്തോടെയും ഉൾക്കാഴ്ചയോടെയും സമീപിക്കേണ്ടതും എല്ലാ അർത്ഥത്തിലും തയ്യാറെടുക്കേണ്ടതും അനിവാര്യമാണ്. കേരള സമൂഹത്തെ അതിജീവനശേഷിയുള്ള ഒരു സമൂഹമാക്കി മാറ്റുന്നതിൽ നിർണ്ണായക പങ്ക് വഹിക്കാൻ പോകുന്ന പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകൾ അതാത് പ്രദേശത്തിൻറെ സുസ്ഥിര വികസന ലക്ഷ്യങ്ങളും ദുരന്ത ലഘൂകരണ ശേഷി വർദ്ധനവിനായുള്ള കാഴ്ചപ്പാടും മുന്നോട്ട് വെച്ച് കൊണ്ട് ഉപസംഹരിക്കാവുന്നതാണ്.

അനുബന്ധം

ബോധവൽക്കരണത്തിനായി തയ്യാറാക്കിയ IEC മെറ്റീരിയലുകൾ, അധിക വിവരങ്ങൾ, വിവരശേഖരണത്തിനായുള്ള നിർദ്ദിഷ്ട ഫോർമാറ്റുകൾ, പട്ടികകൾ, കോൺടാക്ട് വിവരങ്ങൾ തുടങ്ങിയ അധിക വിവരങ്ങളെല്ലാം അനുബന്ധമായി ഉൾപ്പെടുത്താവുന്നതാണ്.



തയ്യാറാക്കിയവർ

- ഫഹദ് മർസൂക്ക്, ഹസാഡ് അനലിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
- ആര്യാ നരേന്ദ്രൻ, ആർക്കിറ്റെക്റ്റ്, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പരിശോധകർ (Reviewers)

- ഡോ. ജോയ് ഇളമൺ, മെമ്പർ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
- ഡോ. മിഥില മല്ലിക, സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫിസർ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ഞങ്ങളെ ബന്ധപ്പെടാം:

-

കേരള സംസ്ഥാന അടിയന്തരഘട്ട കാര്യനിര്വഹണ കേന്ദ്രം
(കെ.എസ്.സി.ഓ.സി),
കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ),
ഒബ്സര്വേറ്ററി കുന്ന്, വികാസ് ഭവന് തപാല് ഓഫീസ്, തിരുവനന്തപുരം,
കേരളം - 695033
പകല് സമയ ടെലിഫോണ് 0471 2331345, 0471-2331645, രാത്രി സമയ
ടെലിഫോണ് 0471 2364424
ഫാക്സ് 0471 2364424

Kerala State Emergency Operations Centre
(KSEOC)
Kerala State Disaster Management Authority
(KSDMA)

Observatory Hills, Vikas Bhavan P.O
Thiruvananthapuram, Kerala - 695033
Day time phone - 0471 2331345, 0471-2331645, Toll Free 1079
Night-time phone - 0471 2364424
Fax - 0471 2364424

www.sdma.kerala.gov.in
E-mail: seoc.gok@gmail.com, keralasdma@gmail.com
lightningactionplankerala@gmail.com

Issued under the seal of the Kerala State Disaster Management Authority on 21-01-2025

Sd/-
Dr. Sekhar L. Kuriakose
Member Secretary, KSDMA & Head
Kerala State Emergency Operations Centre

Published by
Kerala State Emergency Operations Centre (SEOC),
Kerala State Disaster Management Authority
Department of Disaster Management, Govt. of Kerala

Observatory Hills, Vikas Bhavan P.O, Thiruvananthapuram, Kerala, India. Pin – 695033
Email: seoc.gok@gmail.com. Tel/Fax: +91 (0) 471 - 2364424
Web: sdma.kerala.gov.in